വൈദ്യുതി ബോർഡിൽ നിലവിലുള്ള ഒഴിവുകൾ

43 (2321) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ മസ്ദൂർ, ലൈൻമാൻ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികകൾക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൽ ഓരോ തസ്തികയിലും എത്രപേർക്ക് വീതം നിയമനം നൽകിയെന്ന് അറിയിക്കാമോ ;

(ഇ) നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മസ്ദൂർ തസ്തികയിൽ 1267 ഒഴിവുകളുണ്ട്. ഇവ നികത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈൻമാൻ തസ്തികയിൽ 1676 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ പ്രമോഷൻ വഴി നികത്തുന്നതാണ്. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഒഴിവുകളുടെ എണ്ണം കണക്കാക്കാതെ തന്നെ കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് 234 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിലേക്ക് പി.എസ്.സി. 205 ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടുണ്ട്. ഒഴിവുകൾക്കനുസൃതമായി മാത്രമേ ഇവരെ നിയമിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഇപ്പോൾ 292 ഒഴിവുകളുണ്ട്. ഇവ നികത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇലക്ട്രിസിറ്റി വർക്കർ തസ്തികയുടെ റാങ്ക് ലിസ്റ്റ് മാത്രമേ നിലവിലുള്ളൂ.

(ഡി) മസ്ദൂർ തസ്തികയിൽ വിവിധ ജില്ലകളിലായി നിലവിലുള്ള ലിസ്റ്റിൽ നിന്നും 1831 പേർക്ക് നിയമനം നൽകിക്കഴിഞ്ഞു. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ 5-12-1999-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും 2-5-2003 വരെ 746 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിക്കഴിഞ്ഞു. ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ഇ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിവരുന്നു.

184/2013

LIBRARY ARCHIVES Kerala Legislative Assembly